# പതിമൂന്നാം കേരള നിയമസഭ
## ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1209 — 21.03.2013-ലെ മറുപടിക്ക്

### മിച്ചഭൂമി

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ലാന്റ് ബോർഡിന്റെ ഡി.എൽ.ബി. 6684 നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് കാവിലുംപാറ വില്ലേജിൽ മാത്യൂ എബ്രഹാം മംഗലപ്പള്ളി എന്നയാളിൽ നിന്നും മിച്ചഭൂമി ഏറ്റെടുക്കുവാൻ ഉത്തരവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | വടകര താലൂക്ക് ലാന്റ് ബോർഡിന്റെ 27/10/1987ലെ ടി.എൽ.ബി(ബി) 66/84 നമ്പർ ഉത്തരവുപ്രകാരം ശ്രീ. മാത്യൂ എബ്രഹാം മംഗലപ്പള്ളി എന്നയാളിൽ നിന്നും ഏറ്റെടുക്കാൻ ഉത്തരവായ 11 ഏക്കർ മിച്ചഭൂമി 01/01/1964-ന് മുൻപുള്ള റബ്ബർ പ്ലാന്റേഷൻ ആണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ വടകര താലൂക്ക് ലാന്റ് ബോർഡിന്റെ 30/04/1988 -ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം ഒഴിവാക്കപ്പെടുകയും മിച്ചഭൂമിയായി സറണ്ടർ ചെയ്യേണ്ടതില്ലയെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട് |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത മിച്ചഭൂമിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ബി), (സി) & (ഡി) | ബാധകമല്ല. |
| (സി) | പ്രസ്തുത മിച്ചഭൂമി ആർക്കെങ്കിലും പതിച്ച് നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇപ്പോൾ പ്രസ്തുത ഭൂമി ആരുടെ കൈവശത്തിലാണ് ഉള്ളതെന്നും വ്യക്തമാക്കുമോ ; | | |
| (ഡി) | പ്രസ്തുത മിച്ചഭൂമി കഴിയുന്നതും വേഗം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ